പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1213 — 11/02/2016 ൽ മറുപടിക്ക്

## റീസർവ്വേ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കൊച്ചി താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലാണ് റീസർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ള തെന്ന് വ്യക്തമാക്കാമോ; | (എ) ഇടക്കൊച്ചി, ഫോർട്ട് കൊച്ചി, കുമ്പളങ്ങി, മട്ടാഞ്ചേരി, പള്ളുരുത്തി, രാമേശ്വരം, തോപ്പുംപടി എന്നീ വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിക്കാനുണ്ട്. |
| (ബി) റീസർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകളിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; എത്ര ഉദ്യോഗസ്ഥരെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ഉണ്ട്. റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിൽ 2015 ഡിസംബർ വരെ 10880 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 10683 അപേക്ഷകളിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്. റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അതാത് താലൂക്ക് ഓഫീസുകളിലെ എൽ.ആർ.എം വിഭാഗം മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. കൊച്ചി താലൂക്കിൽ ശേഷിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിനായി 3 സർവ്വേയർമാരെ നിയോഗിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ആയതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ; | (സി) എത്രയും വേഗം പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റീസർവ്വേ സംബന്ധമായി പൊതുജനങ്ങളിൽ നിന്നും ഇപ്പോഴും അപേക്ഷകൾ/പരാതികൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരാതി പരിഹരിക്കുന്ന നടപടികൾ തുടരുകയാണ്. |
| (ഡി) റീസർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ള വില്ലേജുകളിൽ ഇക്കാര്യം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഡി) 31/10/2012 ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) 409/2012/റവന്യൂ പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ